കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

**മംഗലപുരം ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1058/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.
Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി : 19.08.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മംഗലപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്
4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1058/2019 തീയതി 19.08.2019

# തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.08.2018 മുതൽ 21.05.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.05.2019 മുതൽ 30.05.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.ജി,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ. മുഹമ്മദ് സലിം.എ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുരേഷ് ബാബു.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കോസലരാമദാസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.വിനുകുമാർ.പി.കെ,<br>ഓഡിറ്റർ<br>ശ്രീ. ശരത് ജെ. ശങ്കർ,<br>ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വേങ്ങോട് മധു | 01-04-18 മുതൽ<br>31-03-19 വരെ |
| സെക്രട്ടറി | ശ്രീമതി. ഷമീം. ഐ. | 01-04-18 മുതൽ |

| | |
|---|---|
| | 31-03-19 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.കലാറാണി.ആർ.ഐ. | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ.സുഹാസ് ലാൽ. ഒ. | 23.06.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.കെ.വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബീന.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. (ആയുർവേദം) | ഡോ.രഞ്ജിനി.ആർ.യു | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. (പി.എച്ച്.സി) | ഡോ.മിനി.പി.മണി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സജ്ന എസ്.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം.(യു.പി.എസ്) | ശ്രീമതി.രേണുക.എം.എൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ആശ. എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ -I | ശ്രീ.അരുൺ മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ -II | ശ്രീ. ബാലു. കെ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശ്രീത. റ്റി. | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീമതി. ജയശ്രീ. ഐ. | 23.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. സുകുമാരൻ നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| | ഭാഗം - I | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് പരിശോധന | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 | |
| | ഭാഗം-II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2.1 | |
| 14 | രസീത് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 2.2 | |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 2.3 | |
| 16 | തൊഴിൽ നികുതി-അപാകങ്ങൾ | 2.4 | |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2.5 | |
| 18 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 2.6 | |
| 19 | സ്ഥാപന തൊഴിൽ നികുതി -രജിസ്റ്റർ പരിപാലിക്കുന്നില്ല. | 2.7 | |
| 20 | ബി.എസ്.എൻ.എൽ നിന്നും സ്ഥാപനികുതി ഈടാക്കിയില്ല | 2.8 | |
| 21 | തോന്നയ്ക്കൽ ഇൻഡോർ സ്റ്റേഡിയം - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം | 2.9 | |
| 22 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തുന്നില്ല. | 2.10 | |
| 23 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 2.11 | |
| 24 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 2.12 | |
| 25 | ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2.13 | |
| | ഭാഗം-III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 26 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തണം | 3.1 | |
| 27 | ജനറൽ പർപ്പസ് അവസാന ഗഡു ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം | 3.2 | |
| 28 | വാർഷിക ധനകാര്യപത്രിക- കണ്ടെത്താനാകാത്ത ബാധ്യതകൾ | 3.3 | |

| | | | |
|---|---|---|---|
| | - നടപടി അനിവാര്യം | | |
| 29 | ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കണം | 3.4 | |
| 30 | കേരളോത്സവം – മുൻകൂർ ക്രമീകരിക്കാത്തതിനാൽ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. | 3.5 | |
| 31 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3.6 | |
| 32 | ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കിയതിലെ അപാകത - ഗ്രാമപഞ്ചായത്തിന് 3,34,585/- രൂപയുടെ നഷ്ടം | 3.7 | |
| 33 | റിവൈസ്ഡ് എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തിയുടെ ഇനത്തിൽ മാറ്റം വരുത്തി | 3.8 | |
| 34 | പ്ലേ സ്റ്റേഷൻ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3.9 | |
| 35 | ശുദ്ധഗ്രാമം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3.10 | |
| 36 | ക്ഷീരസമൃദ്ധി – നടപടി ക്രമങ്ങളുടെ അഭാവം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3.11 | |
| 37 | കേദാരം സമഗ്ര നെൽകൃഷി പദ്ധതി-തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ പ്രയോജനപ്പെടുത്തണം | 3.12 | |
| 38 | ജൈവസമൃദ്ധി പച്ചക്കറികൃഷി - കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പാട്ടചീട്ട് ലഭ്യമാക്കുന്നില്ല | 3.13 | |
| 39 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അവലോകനം | 3.14 | |
| 40 | അംഗീകാരം നേടിയതിൽ നിന്നും വ്യത്യസ്തമായി പദ്ധതി നടപ്പിലാക്കി | 3.15 | |
| 41 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല- 52,20,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3.16 | |
| 42 | ലൈഫ് മിഷൻ പദ്ധതി - ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ ചെലവാക്കാതെ സൂക്ഷിക്കുന്നു | 3.17 | |
| 43 | പകൽവീട് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3.18 | |
| 44 | ഭിന്നശേഷിക്കാരുടെ കലാകായിക മത്സരം - ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തി | 3.19 | |
| 45 | സ്പോർട്സ് ടീം രൂപീകരിക്കലും കോച്ചിംഗ് ക്യാംപും - പദ്ധതി അപൂർണം | 3.20 | |
| 46 | ആശ്രയ പ്രവർത്തനങ്ങൾ – പദ്ധതിയിൽ വ്യതിയാനം | 3.21 | |
| 47 | പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകങ്ങൾ | 3.22 | |
| 48 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രിക ഹാജരാക്കാത്തതിനാൽ ഓഡിറ്റ് നിർവഹിച്ചില്ല. | 3.23 | |
| 49 | പാലിയേറ്റീവ് കെയർ - കുടുംബ സംഗമം - ചെലവഴിക്കാത്ത തുക സർക്കാർ ഫണ്ടിൽ ഒടുക്കണം | 3.24 | |
| 50 | പ്രോജക്ട് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിക്കണം | 3.25 | |
| 51 | സംയുക്ത പ്രോജക്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കണം | 3.26 | |
| 52 | മോണിറ്ററിംഗ് അനിവാര്യം | 3.27 | |
| ഭാഗം - IV | | | |
| | | | |
| | | | |

| | | | |
|---|---|---|---|
| 53 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 54 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ | 4.2 | |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 56 | വായ്പ തിരിച്ചടവ് | 4.4 | |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 58 | ഓഡിറ്റ് റിക്കവറി | 4.6 | |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 60 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4.8 | |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 42,85,22,600/- രൂപ വരവും 32,90,65,500/-രൂപ ചെലവും നീക്കിയിരിപ്പ് 9,94,57,100/- രൂപയുമാണ് പ്രതീക്ഷിച്ചിരുന്നത്. 16.02.19 ലെ 16(1) തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ യഥാക്രമം 44,42,12,730/-, 36,69,54,033/-, 7,72,58,697/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 13,98,56,016/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 10,53,57,221/-രൂപയും നീക്കിയിരിപ്പ് 3,44,98,795/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.04.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,12,69,749/- |
| വരവ് | 12,85,86,267/- |
| ആകെ | 13,98,56,016/- |
| ചെലവ് | 10,53,57,221/- |

| | |
|---|---|
| നീക്കിയിരിപ്പ് | 3,44,98,795/- |

# 1-5 ഫണ്ട് വിനിയോഗം

ലെഡ്ജർ ബാലൻസ് പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വി.ഫ. ജനറൽ | 0 | 22862501 | 22862501 | 22862501 | 0 |
| വി.ഫ എസ്.സി.പി. | 0 | 17848500 | 17848500 | 17848500 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 6780842 | 6780842 | 6780842 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5099668 | 5099668 | 5099668 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11563822 | 11563822 | 11563822 | 0 |
| ട്രഷറി ഓൺ ഫണ്ട് VPFA I,II | 3180 | 0 | 3180 | 0 | 3180 |
| എസ്.ബി.ഐ മംഗലപുരം | 8099104 | 23736627 | 31835731 | 15366399 | 16469332 |
| ട്രഷറി റ്റി.എസ്.ബി ജനറൽ പർപ്പസ് | 2025018 | 43076139 | 45101157 | 28238619 | 16862538 |
| ജില്ലാ സഹകരണ ബാങ്ക് | 17294 | 0 | 17294 | 0 | 17294 |
| എം.എൻ.ആർ.ഇ.ജി.എസ് | 47373 | 1385036 | 1432409 | 1376672 | *55737 |
| എസ്.ബി.ഐ ഇംപ്രസ്റ്റ് | 887979 | 31490 | 919469 | 0 | 919469 |
| എസ്.ബി.ഐ സാക്ഷരത | 2330 | 84 | 2414 | 0 | 2414 |
| ക്യാഷ് (തനത് ഫണ്ട്) | 187471 | 0 | 187471 | 18640 | 168831 |
| **ആകെ** | 11269749 | 132384709 | 143466987 | 109137023 | 34498795 |

*തെറ്റായി രേഖപ്പെടുത്തിയ ചെക്ക് തുക 5,009/-

റസീപ്റ്റ് & പേയ്മെന്റ് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1,12,69,749/- | 12,85,86,267/- | 13,98,56,016/- | 10,53,57,221/- | 3,44,98,795/- |

വരവിൽ വ്യത്യാസം - 37,98,442/-

ചെലവിൽ വ്യത്യാസം - 37,79,802/-

ലെഡ്ജർ ബാലൻസുകളും റസീപ്റ്റ് & പേയ്മെന്റ് തമ്മിലുള്ള വ്യത്യാസവും നിലനിൽക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 8 | 4818310 | 5 | 1601790 | 2 | 1 | 63 |
| 2 | വെറ്ററിനറി സർജൻ | 8 | 5087499 | 7 | 2934816 | 1 | 0 | 88 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 8 | 3225000 | 8 | 2810000 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 7 | 2258000 | 7 | 225446 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 200000 | 1 | 200000 | 0 | 0 | 100 |
| 6 | വി.ഇ.ഒ. | 16 | 29977818 | 6 | 17677570 | 6 | 4 | 38 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9472732 | 6 | 8564648 | 4 | 1 | 55 |
| 8 | സെക്രട്ടറി | 33 | 12750503 | 27 | 9576823 | 2 | 4 | 82 |
| 9 | അസി.സെക്രട്ടറി | 10 | 4002871 | 8 | 2841111 | 2 | 0 | 80 |
| 10 | അസി.എഞ്ചിനിയർ | 76 | 43035155 | 55 | 30475202 | 1 | 20 | 72 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1500000 | 1 | 1100000 | 0 | 0 | 100 |
| 12 | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്. | 4 | 398495 | 3 | 335620 | 1 | 0 | 75 |
| | ആകെ | 183 | 116726383 | 134 | 80372026 | 19 | 30 | 73 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 47373 | 876011 | 923384 | *872656 | 55737 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36789388 | 36789388 | 36789388 | 0 |
| ആകെ | 47373 | 37665399 | 37712772 | 37662044 | 55737 |

*തെറ്റായി രേഖപ്പെടുത്തിയ ചെക്ക് തുക 5,009/-

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4,95,840/- | 273 |
| കർഷകതൊഴിലാളി പെൻഷൻ | 43,28,400/- | 387 |
| വിധവാ പെൻഷൻ | 2,08,67,400/- | 1830 |
| വാർദ്ധക്യകാലപെൻഷൻ | 3,98,49,900/- | 3927 |
| വികലാംഗ പെൻഷൻ | 63,14,700/- | 358 |
| വിവാഹധനസഹായം | 2,40,000/- | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,38,000/- | 52 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2019, 3.45pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78,298/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെട്ടിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണംസ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചുനല്കിയിട്ടുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതുമാണ് .

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. എല്ലാ വരവ് ചെലവുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി വേളയിൽ പ്രോജക്ട് സംബന്ധിച്ച പൂർണ്ണമായ വിവരം ഉൾപ്പെടുത്തി അംഗീകാരം നേടാനും മോണിറ്ററിംഗ് ഫലപ്രദമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.04.2019 മുതൽ 08.04.2019 വരെ | 11/2018 മുതൽ 03/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | 2007-08 മുതൽ 2013-14 വരെ | 24-03-16 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

അനുബന്ധമായി ഉൾപ്പെടുത്തുന്നു.

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2017 ഡിസംബർ 15-ന് മുൻപ് | 27.01.2018 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018 ജനവരി 15-ന് മുൻപ് | എല്ലാ ഘടകസ്ഥാപനങ്ങളും സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018 ജനവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2018 ഫെബ്രുവരി 1-ന് മുൻപ് | 15.03.2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018 ഫെബ്രുവരി 28-ന് മുൻപ് | 03.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018 മാർച്ച് 1-ന് മുൻപ് | 24.03.2018 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018 മാർച്ച് 7-ന് മുൻപ് | 24.03.2018 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018 മാർച്ച് 31-ന് മുൻപ് | 24.03.2018 (16.02.2019 പുതുക്കിയ ബജറ്റ്) |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി., ആയുർവേദം, ഹോമിയോ), വെറ്ററിനറിസർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്. 2018-

19 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ബജറ്റിനെ അധികരിച്ച് ചെലവ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 2-2 രസീത് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

**a)ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന രസീതുകളിൽ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.

| രസീത് ബുക്ക് നം. | രസീത് നം. |
|---|---|
| 10732 | 30 മുതൽ 35 വരെ |

**b)ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.**

താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുക ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

| രസീത് ബുക്ക് നം. | രസീത് നം. |
|---|---|
| 10732 | 30 മുതൽ 35 വരെ |
| 46173 | 67 |
| 46182 | 22 |

**c)പിരിച്ചെടുത്ത തുക ഒടുക്ക് വരുത്തിയില്ല**

താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുക ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല.

| രസീത് ബുക്ക് നം. | രസീത് നം. | തുക |
|---|---|---|
| 46173 | 67 | 76/- രൂപ |
| 46182 | 22 | 55/- രൂപ |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.38/29.05.2019) 131/-രൂപ രസീത് നം.119150101632,119150101633തീ.30.05.2019 എന്നീ രസീതുകൾ പ്രകാരം ഒടുക്കു വരുത്തി. രസീത് ബുക്കുകൾ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് നിർവഹണാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

# 2-3 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

**a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ലൈസൻസ് പുതുക്കാൻ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ മാത്രമാണ് നിലവിൽ സൂക്ഷിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച ക്രമ നം.500 മുതൽ 539 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | XIX/263A | അബ്ദുൾ ഹക്കിം | ഫുഡ് നിർമ്മാണം |
| 2 | IX/68 | ഹാഷിം അഹമ്മദ് | ട്രേഡിംഗ് കമ്പനി |
| 3 | III/234 | അമീർ ഖാൻ | ടെക്സ്റ്റൈൽസ് |
| 4 | XIX/411 | മുകേഷ് | പലവ്യഞ്ജനം |
| 5 | XIX/408 | മുകേഷ് | ബേക്കറി |
| 6 | XIX/409 | മുകേഷ് | ഫിനാൻസ് |
| 7 | XII/30 | ബി.സുരേന്ദ്രൻ | സർവ്വീസ് സ്റ്റേഷൻ |
| 8 | XVI/552 | അജിൻ കുമാർ | അലുമിനിയം ഫാബ്രിക്കേഷൻ |
| 9 | II/268 | ശശിധരൻ | മുറുക്കാൻ കട |
| 10 | XX/133 | അനിൽകുമാർ ഗോപി | കമ്പ്യൂട്ടർ വില്പന |
| 11 | XX/179 | നസീർ | മുട്ടക്കട |
| 12 | VII/575 | സെക്രട്ടറി | തോന്നക്കൽ അഗ്രിക്കൾച്ചർ സഹകരണ സംഘം |
| 13 | X/27 | അജികുമാർ | എർത്ത് മൂവേഴ്സ് |
| 14 | XVI/322 | ഷിബു.കെ | ഫാർമസ്യൂട്ടിക്കൽ |
| 15 | VIII/11 | അബ്ദുൾ റഹ്മാൻ | സ്റ്റോർ |

ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

**b)സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ

2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയ 539 സ്ഥാപനങ്ങളിൽ, 94 സ്ഥാപനങ്ങൾ മാത്രമാണ് മേൽ കാലാവധിക്കുള്ളിൽ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്.

**c)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല**

2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിലെ I, VII, X എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളെ '2018-19 വർഷം ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെടുത്തി ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I/102 | വൈശാഖൻ | ധാന്യവില്പന |
| 2 | I/110 | അപ്പുക്കുട്ടൻ | സൈക്കിൾ റിപ്പയറിംഗ് |
| 3 | I/140,141 | പ്രേമതാ വിജയൻ | സ്റ്റേഷനറി& ഫാൻസി |
| 4 | I/149 | ജനാർദ്ധനൻ രവി | ഫാൻസി |
| 5 | I/150 | സുജാത രവി | ബേക്കറി |
| 6 | I/208 | ലീന അശോകൻ | ഓയിൽ & ഫ്ലവർ മിൽ |
| 7 | I/440 | മജ്നു | പ്രൊവിഷൻ സ്റ്റോർ |
| 8 | I/485 | ഷിബു | ക്ലിനിക്കൽ ലബോറട്ടറി |
| 9 | VII/47 | അരവിന്ദൻ | സ്റ്റേഷനറി |
| 10 | VII/312 | രവീന്ദ്രൻ നായർ | ഫാർമസി & ഫുട്വെയർ |
| 11 | VII/411 | ഗീതമ്മ | ചായക്കട |
| 12 | VII/416B | രതീഷ് കുമാർ ബി | ലാബ് |
| 13 | VII/431D | വേണുഗോപാലൻ നായർ | ഫാൻസി |
| 14 | VII/436A | അസ്മ ബീവി | പ്രൊവിഷൻ സ്റ്റോർ |
| 15 | X/രേഖപ്പെടുത്തിയിട്ടില്ല | പി കൃഷ്ണപിള്ള | പ്രൊവിഷൻ സ്റ്റോർ |
| 16 | ,, | സുശീലൻ | പ്രൊവിഷൻ സ്റ്റോർ |
| 17 | ,, | അബ്ദുൾ ജബ്ബാർ | വളം വില്പന |
| 18 | ,, | ഗംഗാധരൻ | ഓയിൽ & ഫ്ലവർമിൽ |

**d)മൂലധന നിക്ഷേപം സംബന്ധിച്ച രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**e)ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്**

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| വാർഡ്/ കെട്ടിട നം. | ഉടമ/സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| VI/93 | പ്രദീപ് കുമാർ .പി | 1.45 കോടി | 5,000/- | 2,000/- | 3,000/- |

| | | | | | |
|---|---|---|---|---|---|
| | കോക്കനട്ട് ഓയിൽ പ്രൊഡക്ഷൻ & സെയിൽ | | | | |
| | | | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/25.05.2019 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചു.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-4 തൊഴിൽ നികുതി-അപാകങ്ങൾ

i) <u>നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഉദാഹരണമായി ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള പത്രിക സമർപ്പിച്ചിട്ടില്ല.

a)എസ്.ബി.ഐ മംഗലപുരം - ഒന്നാം അർദ്ധവർഷം

b)കിംസ് ഹെൽത്ത്കെയർ മാനേജ്മെന്റ് - ഒന്നാം അർദ്ധവർഷം

ii) <u>പത്രിക പൂർണ്ണമല്ല.</u>

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടെയാണ് സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം പത്രിക സമർപ്പിച്ചിട്ടില്ല.

a)മുത്തൂറ്റ് ഫിൻകോർപ്പ്, മുരുക്കുംപുഴ – രണ്ടാം അർദ്ധവർഷം

b)എം.ജി.എം വിദ്യാമൗണ്ട് പബ്ലിക് സ്കൂൾ - രണ്ടാം അർദ്ധവർഷം

<u>iii)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല</u>

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | റെയിൽവേ മുരുക്കുംപുഴ | രണ്ടാം അർദ്ധവർഷം |
| 2 | കോഴിമട ദേവസ്വം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.22/25.05.2019 ന് ലഭിച്ച മറുപടിയിൽ റെയിൽവേ മുരുക്കുംപുഴ ഓൺലൈനായി തുക ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും നികുതി ഈടാക്കുന്നതിന് കോഴിമട ദേവസ്വത്തിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മുരുക്കുംപുഴ റെയിൽവേ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ നികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 2-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്റ്റേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | ഹാരി ആസ്റ്റിൻ | ജീജ കോട്ടേജ്, വെട്ടുറോഡ്, കണിയാപുരം |
| 2 | അജയകമാർ ജി. | ഭാഗീരഥി നിലയം, വെട്ടുറോഡ്, കണിയാപുരം |
| 3 | പവിത്രൻ | വിളയിൽ പുത്തൻ വീട്, അമ്പലത്തിൻ കര |
| 4 | റ്റി.ഗോപകുമാർ | അശ്വതി, മേനംകുളം, കഴക്കൂട്ടം |
| 5 | സജീവ്.വി | വി.പി മന്ദിരം, തോന്നയ്ക്കൽ |
| 6 | ബിജുകുമാർ പി.എസ് | അലവിളാകത്ത് വീട്, പണിമൂല, അണ്ടൂർക്കോണം |
| 7 | ഗോപകുമാരൻ നായർ | കമുകറ വീട്, മേനംകുളം, കഴക്കൂട്ടം |
| 8 | അനുജ് പി.എസ് | അശ്വതി, കുറക്കട, പി.ഒ |
| 9 | മണികണ്ഠൻ നായർ | നിശാന്ത്, കരൂർ, പോത്തൻകോട് |
| 10 | നന്ദൻ.എൻ | രോഹിണി, പോത്തൻകോട് |
| 11 | സുബൈർ | മുടിഞ്ഞാറ്റവീട്, നന്നാട്ടുകാവ്, പോത്തൻകോട് |
| 12 | അനിൽകുമാർ | അഖിൽ ഭവൻ, പണിമൂല |
| 13 | മോഹനകുമാരൻ നായർ | പണയിൽ പുത്തൻവീട്, കൊയ്ത്തൂർക്കോണം |
| 14 | അജി.ബി.എ | മുളമൂട്ടിൽ വിളാകത്ത് വീട്, തൈയ്ക്കാട് |
| 15 | ധനീഷ്.റ്റി | മലയൻകാവ്, പുനംകുടക്കോണം, ചെറിയക്കോല |
| 16 | അജി.പി | കിഴക്കേവിളാകത്ത് വീട്, മേനംകുളം, കഴക്കൂട്ടം |
| 17 | ശശീന്ദ്രൻ നായർ | മണിമംഗലം, കരിയിൽ, കഴക്കൂട്ടം |
| 18 | സുനിൽ കുമാർ.എസ് | അലങ്കാരത്തിൽ, കല്ലമ്പലം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ.11/25.05.19ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-6 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. (നം.(സി.എസ്.)എ-9-764/2019 തീയതി 27.01.2019).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 13/25.05.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 19 റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 2-7 സ്ഥാപന തൊഴിൽ നികുതി -രജിസ്റ്റർ പരിപാലിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്ത് കാലികമാക്കി സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്താത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കാനും ഓഡിറ്റിന് സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/25.05.2019 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനതൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളും ഒടുക്ക് വരുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

# 2-8 ബി.എസ്.എൻ.എൽ നിന്നും സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ നിന്നും 2018-19 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/25.05.2019 ന് ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 2-9 തോന്നയ്ക്കൽ ഇൻഡോർ സ്റ്റേഡിയം - ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം

22.02.2019 ലെ കമ്മിറ്റി തീരുമാനം 5(1,2) പ്രകാരം തോന്നയ്ക്കൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ വാടക നിരക്ക് നിശ്ചയിക്കുകയും പ്രവർത്തനം സംബന്ധിച്ച നിബന്ധനകൾക്ക് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിന് 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.33/28.05.19 ന് ലഭ്യമാക്കിയ മറുപടിയിൽ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും ബുക്കിംഗ് രജിസ്റ്റർ പരിപാലിക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

# 2-10 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തുന്നില്ല.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2018-19 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | ആർദ്ര റ്റി.ആർ | എസ്.എം.സി ലാബ് |
| 2 | എസ്.എ ഷീബ | ഇ.വി ഡയഗ്നോസ്റ്റിക്സ് |
| 3 | നസിമുദ്ദീൻ | ഹോമിയോ ഹൗസ് |
| 4 | ഷെരീന | ആയുർവേദ ആശുപത്രി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/24.05.2019 ന് ലഭിച്ച മറുപടിയിൽ ഡി& ഒ ലൈസൻസിനൊപ്പം അപേക്ഷ സമർപ്പിച്ച് ലൈസൻസ് അനുവദിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നൽകുമ്പോൾ, അപേക്ഷ നിശ്ചിത ഫോറത്തിൽ സ്വീകരിച്ച് വിവരം രജിസ്റ്ററിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 2-11 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ

ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ I, III,VIII, XV എന്നീ വാർഡുകൾ പരിശോധിച്ചതിൽ 2018-19 വർഷത്തേയ്ക്ക് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | I/148 | എൻ നടരാജൻ, ആഞ്ജനേയ, കൈലാത്തുകോണം |
| 2 | I/278 | സുധർമ്മ, മിനി മന്ദിരം, കൈലാത്തുകോണം |
| 3 | I/344 | ലളിത, കുത്താങ്ങൽ വീട്, കൈലാത്തുകോണം |
| 4 | I/347 | സി.പി.വേണുഗോപാൽ, ചോതി, കൈലാത്തുകോണം |
| 5 | III/331 | ബഷീർ, തൻസീർ, 16-ാം മൈൽ, തോന്നയ്ക്കൽ |
| 6 | III/549 | സൈനുലാബ്ദീൻ, സഹീർ മൻസിൽ, പൊയ്കയിൽ |
| 7 | III/615 | പ്രദീപ് കുമാർ, പൗർണ്ണമി, പൊയ്കയിൽ |
| 8 | VIII/4 | അനിതകുമാരി, പൗർണ്ണമി, തോന്നയ്ക്കൽ |
| 9 | VIII/45 | ലീലാമ്മ, ശ്രീ നിലയം, മംഗലപുരം |
| 10 | VIII/348 | സതീശൻ നായർ, വീണാ നിവാസ്, തോന്നയ്ക്കൽ |
| 11 | VIII/462 | രത്നവല്ലിയമ്മ, മൂലയിൽ വീട്,തോന്നയ്ക്കൽ |
| 12 | XV/163 | എം.എം.റഷീദ്, ജെ.ജെ മൻസിൽ മുണ്ടക്കൽ |
| 13 | XV/263 | ഡോറസ്, ഡോറസ് കോട്ടേജ് |
| 14 | XV/403 | നാസിറുദ്ദീൻ, എൻ എസ് മൻസിൽ, മുല്ലശ്ശേരി |
| 15 | XV/432 | രാജശേഖരൻ ചെട്ടിയാർ, സ്മൃതി മുണ്ടക്കൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/28.05.2019 ന് ലഭിച്ച മറുപടിയിൽ സഞ്ചയസോഫ്റ്റ്‌വെയറിൽ നിന്നും നികുതിയിളവ് സംബന്ധിച്ച വിവരം ലഭിക്കുന്നതിനാലാണ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതെന്നും ഓഫീസ് കെട്ടിടം മാറിയതിനാൽ അപേക്ഷകൾ പൂർണ്ണമായും കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ കൃത്യമായും പരിപാലിക്കേണ്ടതും കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം എല്ലാ വർഷവും വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 2-12 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

2018-19 വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | തുക |
|---|---|---|---|
| ബി.എസ്.എൽ.എൽ. | 1/559A | 3.995 $m^2$ | 1,888/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.32/28.05.2019)-ന് നൽകിയ മറുപടിയിൽ വസ്തുനികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. നികുതി

പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-13 ഇ-ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ മംഗലപുരം ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 20 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 76,300/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തണം

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക മൂന്ന്, നാല് ഗഡുക്കൾ അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | ഒന്നാം ഗഡു | വൗച്ചർ നം തീ | രണ്ടാം ഗഡു | വൗച്ചർ നം തീ |
|---|---|---|---|---|---|---|
| 1 | ജോഷി | ക്ലർക്ക് | 19990 | 21800127, തീ 02/05/2018 | 19282 | 21800673/2018, തീ 08/10/2018 |
| 2 | രാജേന്ദ്രൻ നായർ | അസി.സെക്രട്ടറി | 27788 | 21800128, തീ 02/05/2019 | 26805 | 21800673/2018, തീ 08/10/2018 |
| 3 | മനോജ് ബി.എസ് | ജൂ.സൂപ്രണ്ട് | 21613 | 21800128, തീ 02/05/2019 | 20849 | 21800673/2018, തീ 08/10/2018 |
| 4 | ലത കൃഷ്ണൻ | അക്കൗണ്ടന്റ് | 16741 | 21800128, തീ 02/05/2019 | 16149 | 21800673/2018, തീ 08/10/2018 |
| 5 | ഗീത കുമാരി.പി.എസ് | സീനി.ക്ലർക്ക് | 15883 | 21800128, തീ 02/05/2019 | 15323 | 21800673/2018, തീ 08/10/2018 |
| 6 | റീന.എൻ | സീനി.ക്ലർക്ക് | 15883 | 21800128, തീ 02/05/2019 | 15323 | 21800673/2018, തീ 08/10/2018 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഗിരീഷ് എം | സീനി.ക്ലർക്ക് | 10901 | 21800128, തീ 02/05/2019 | 10514 | 21800673/2018, തീ 08/10/2018 |
| 8 | ദീപ എസ് | ക്ലർക്ക് | 11300 | 21800128, തീ 02/05/2019 | 10901 | 21800673/2018, തീ 08/10/2018 |
| 9 | സെബാസ്റ്റ്യൻ ബി | ഒ.എ | 17228 | 21800128, തീ 02/05/2019 | 16620 | 21800673/2018, തീ 08/10/2018 |
| 10 | വത്സല വി | പി.റ്റി.എസ്. | 7588 | 21800128, തീ 02/05/2019 | 7320 | 21800673/2018, തീ 08/10/2018 |
| 11 | ഷമീം.ഐ | സെക്രട്ടറി | 36825 | 21800195, തീ 26/05/2018 | 35523 | 21800678, തീ 08/10/2018 |
| 12 | മോഹനൻ നായർ | ഒ.എ | 17792 | 21800165, തീ 15/05/2018 | 17162 | - |
| 13 | തങ്കപ്പൻ സി | പി.റ്റി.എസ് | 7588 | 21800041, തീ 11/04/2018 | 7320 | 21800673/2018, തീ 08/10/2018 |
| 14 | സഫുറ ബൂവി | എഫ്.റ്റി.എസ്. | 15476 | 21800040, തീ 11/04/2018 | 14931 | 21800949, തീ 21/12/2018 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26/27.05.2019 ന് ലഭിച്ച മറുപടിയിൽ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല എന്നറിയിച്ചു. പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്ക് വരുത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ജനറൽ പർപ്പസ് ഫണ്ട് അവസാന ഗഡു ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം

2018-19 സാമ്പത്തിക വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1,37,29,000/- ലഭിക്കേണ്ടതായിരുന്നു. എന്നാൽ 11 ഗഡുക്കളിലായി 1,25,84,913/- രൂപയാണ് ലഭ്യമായത്. അവസാനഗഡു നാളിതുവരെ ലഭ്യമായിട്ടില്ല. നഷ്ടപ്പെട്ട തുക ലഭ്യമാക്കാൻ ഭരണ സമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഉത്തരവ് നം | തുക | ലഭ്യമായ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | സ.ഉ(സാധാ)നം.3490/2018/ധന തീ.18.04.2018 | 1144083 | 18.05.2018 | 1-ാം ഗഡു |
| 2 | സ.ഉ(സാധാ)നം.3930/2018/ധന തീ.05.05.2018 | 1144083 | 18.05.2018 | 2-ാം ഗഡു |
| 3 | സ.ഉ(സാധാ)നം.4791/2018/ധന തീ.05.06.2018 | 1144083 | 20.06.2018 | 3-ാം ഗഡു |
| 4 | സ.ഉ(സാധാ)നം.5545/2018/ധന തീ.30.06.2018 | 1144083 | 19.07.2018 | 4-ാം ഗഡു |
| 5 | സ.ഉ(സാധാ)നം.6482/2018/ധന തീ.31.07.2018 | 1144083 | 12.11.2018 | 5-ാം ഗഡു |
| 6 | സ.ഉ(സാധാ)നം.7295/2018/ധന തീ.31.08.2018 | 1144083 | 12.11.2018 | 6-ാം ഗഡു |
| 7 | സ.ഉ(സാധാ)നം.8095/2018/ധന തീ.29.09.2018 | 1144083 | 12.11.2018 | 7-ാം ഗഡു |

| | | | | |
|---|---|---|---|---|
| 8 | സ.ഉ(സാധാ)നം.9001/2018/ധന തീ.31.10.2018 | 1144083 | 26.11.2018 | 8-ാം ഗഡു |
| 9 | സ.ഉ(സാധാ)നം.10069/2018/ധന തീ.07.12.2018 | 1144083 | 31.12.2018 | 9-ാം ഗഡു |
| 10 | സ.ഉ(സാധാ)നം.256/2019/ധന തീ.11.01.2019 | 1144083 | 25.01.2019 | 10-ാം ഗഡു |
| 11 | സ.ഉ(സാധാ)നം.761/2019/ധന തീ.31.01.2019 | 1144083 | 19.03.19 | 11-ാം ഗഡു |
| 12 | സ.ഉ(സാധാ)നം.1626/2019/ധന തീ.02.03.19 | 1144087 | ലഭിച്ചിട്ടില്ല | 12-ാം ഗഡു |

# 3-3 വാർഷിക ധനകാര്യപത്രിക- കണ്ടെത്താനാകാത്ത ബാധ്യതകൾ - നടപടി അനിവാര്യം

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക B4 ,ഷെഡ്യൂളിൽ ഗ്രാന്റ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തിരിച്ചറിയാൻ കഴിയാത്ത ബാധ്യതകൾ നിലനിൽക്കുന്നു.

| Head code | 2017-18 ബാലൻസ് ഷീറ്റ് | 2018-19 ബാലൻസ് ഷീറ്റ് | വ്യത്യാസം |
|---|---|---|---|
| 320100116 | 1,24,000/- | 1,24,000/- | - |
| 320200101 | 13,02,800/- | 13,02,800/- | - |
| 320200102 | ഇല്ല | 8,44,852/- | 8,44,852/- |
| 320200104 | 22,27,791/- | 35,22,501/- | 12,94,710/- |
| 320200301 | 2,137/- | 2,221/- | 84/- |
| 320200322 | 14,70,000/- | 16,53,808/- | 1,83,808/- |
| 320200323 | 14,650/- | 14,650/- | - |
| 320300199 | 2,32,926/- | 1,49,426/- | (83500) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/22.05.19 ന് രേഖകൾ പരിശോധിച്ച് മറുപടി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധയുണ്ടാകേണ്ടതും അടിയന്തിരമായി ബാധ്യത തിട്ടപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ ക്രമീകരിക്കണം

2017-18, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B 18 loans and advance ഷെഡ്യൂളിൽ ഹെഡ്കോഡ് നം.460100101, 460500399 യഥാക്രമം 2,000/- രൂപ, 19,70,000/- രൂപ വീതം ക്രമീകരിക്കാതെ നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/22.05.2019 ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീമതി. മീനാകുമാരിയ്ക്ക് ഫെസ്റ്റിവൽ അഡ്വാൻസായി 2,000/- രൂപ നൽകിയത് തിരികെ ഈടാക്കിയിട്ടില്ലെന്നും ഒ.ഡി.എഫ് പദ്ധതിക്കായി വി.ഇ.ഒ-യ്ക്ക് നൽകിയ 19,70,000/- രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ക്രമീകരിച്ചിട്ടില്ലായെന്നും അറിയിച്ചു. അടിയന്തിരമായി പ്രസ്തുത തുകകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 കേരളോത്സവം - മുൻകൂർ ക്രമീകരിക്കാത്തതിനാൽ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

പ്രോജക്റ്റ് നം- 159/19

പ്രോജ്ടിന്റെ പേര് - കേരളോത്സവം

അടങ്കൽ തുക -60,000/- (തനത് ഫണ്ട്)

ചെലവ് തുക –10,000/-

നിർവ്വഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രസ്തുത പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ 64,438/- രൂപയുടെ ചെലവു ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 10,000/- രൂപ മാത്രമേ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടിള്ളൂ. (ചെക്ക് നം./ബാങ്ക് ട്രാൻസാക്ഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല). കൂടാതെ വൗച്ചർ നം. 21800445 (ചെക്ക് നം.658139 തീയതി. 06.08.2018) പ്രകാരം 50,000/- രൂപ കേരളോത്സവത്തിനായി നിർവ്വഹണോദ്യോഗസ്ഥന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.39/29.05.2019), മുൻകൂറായി നൽകിയ 50,000/- രൂപ സാംഖ്യയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് ക്രമീകരിക്കാത്തതിനാലാണ് പിഴവ് വന്നിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ ചെലവുകൾ യഥാസമയം ക്രമീകരിക്കുന്നതിനും സാംഖ്യയിൽ ഉൾപ്പെടുത്തുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ, അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ പരിശോധിക്കുന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# 3-6 വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ചെലവഴിച്ച തുക | നിർവ്വഹണ ഏജൻസി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 178/19 | 6,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)<br>50,000/- (തനത് ഫണ്ട്) | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 2 | 181/19 | 2,00,000/- (വികസന ഫണ്ട് - എസ്.സി.പി) | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 3 | 67/19 | 4,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 4 | 51/19 | 5,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 5 | 179/19 | 44,852/- (വികസന ഫണ്ട് - എസ്.സി.പി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | സെക്രട്ടറി |

മേൽ പദ്ധതികളുടെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കിയതിലെ അപാകത - ഗ്രാമപഞ്ചായത്തിന് 3,34,585/- രൂപയുടെ നഷ്ടം

പദ്ധതിയുടെ പേര് - പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം രണ്ടാം ഘട്ടം

പദ്ധതി നം -119/2018 (അടങ്കൽ -80,00,000/-)

സ്പിൽ ഓവർ പദ്ധതി നം -143/2018(അടങ്കൽ -66,00,920/-)

-വി.ഫ.ജനറൽ-36,10,912/-

-തനത് ഫണ്ട്-29,90,008/-

ചെലവ് -58,64,739/-

ബിൽ നം-17/18-19തീയതി29/06/18 =13,86,858/-

ബിൽ നം-58/18-19തീയതി28/03/19 =22,24,054/-

ചെക്ക് നം.-6031470തീയതി23/03/19 =22,53,827/-

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ- -മുരളീധരൻ നായർ

(ഐറ്റം നിരക്ക്)
T.S. No.No.EE/LSGD/TVM/143/2018-19 dated 30.05.2018

എം ബുക്ക് നം -225/17-18

-293/18-19

-034/18-19

-160/18-19

പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം രണ്ടാംഘട്ടം, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)മേൽ പദ്ധതി 2017-18-ൽ പദ്ധതി നം.119/18 ആയി ഏറ്റെടുക്കുകയും സിവിൽ പ്രവൃത്തികൾക്കും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട സ്ഥാനത്ത് സിവിൽ പ്രവൃത്തികൾക്കൊപ്പം ഇലക്ട്രിഫിക്കേഷൻ 46-ാം ഇനമായി 9,29,200/- തുക വകയിരുത്തി 80,00,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി.

2) പ്രസ്തുത പ്രവൃത്തിയുടെ ഇ ടെൻഡറിൽ 7 കരാറുകാർ പങ്കെടുക്കുകയും 7 പേരും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള തുക ക്വാട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

3) എന്നാൽ ഇലക്ട്രിഫിക്കേഷന് വേണ്ടി തൻവർഷം 10,00,000/-രൂപ വകയിരുത്തി മറ്റൊരു പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്. (പദ്ധതി നം.200/18-). ഈ പ്രവൃത്തിയുടെ ടെണ്ടർ ശ്രീ. അജയകുമാർ, അജയ് ഇലക്ട്രിക്കൽസ്, വെളിവിളാകത്ത് വീട്, മുക്കോല പി.ഓ. എന്ന വ്യക്തിക്ക് 28/02/2018 ജനറൽ കമ്മിറ്റി തീരുമാനം 9(1) പ്രകാരം അംഗീകരിച്ച് നൽകുകയും ടിയാൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4) ടി പ്രവൃത്തിയുടെ ഇലക്ട്രിഫിക്കേഷന് 3,50,000/- രൂപയാണ് ശ്രീ. മുരളീധരൻ നായർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തത്. തൻമൂലമാണ് പ്രവൃത്തിയുടെ ആകെ ടെണ്ടർ മൂല്യം (6600919.75/-)

കുറയുവാനും ടിയാന് ടെണ്ടർ ലഭിക്കുവാനും ഇടയായത് (പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 31/08/2017 ലെ 1(2) തീരുമാനം).

5)ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഒഴിവാക്കി ടെൻഡർ ക്ഷണിക്കേണ്ടതിന് പകരം ആയതുകൂടി ഉൾപ്പെടുത്തി ടെൻഡർ ക്ഷണിച്ചതിന്റെ യുക്തി വ്യക്തമല്ല.

6) ഇലക്ട്രിഫിക്കേഷൻ ഇനം ടെൻഡറിൽ നിന്നും ഒഴിവാക്കിയാൽ കുറഞ്ഞ തുക (6028419.49/- രൂപ-സിവിൽ പ്രവൃത്തികളുടെ ഇനങ്ങൾക്ക്) ടെൻഡർ ചെയ്തിരിക്കുന്നത് ശ്രീ.അജി എന്ന കരാറുകാരനാണ് 24.64 % below.(ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് പ്രത്യേക എസ്റ്റിമേറ്റ് പിന്നീട് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചതിനാൽ ഇത് പ്രസക്തമായ ഒരു കാര്യമാണ്.)ശ്രീ.അജി എന്ന കരാറുകാരനെ പരിഗണിക്കാതെ ശ്രീ. മുരളീധരൻ നായർക്ക് പ്രവൃത്തി നൽകിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

6)ആദ്യ എസ്റ്റിമേറ്റിൽ 46-ാം ഇനമായി 9,29,200/- രൂപയ്ക്ക് എസ്റ്റിമേറ്റ് വകയിരുത്തിയിരുന്ന ഇലക്ട്രിക്ക് പ്രവൃത്തി പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 10,00,000/- രൂപ ആയി അധികരിക്കാനുള്ള കാരണം വ്യക്തമല്ല.

7)കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ 1997 ഉപചട്ടം 4(1) പ്രകാരം 6.5 ലക്ഷം രൂപയിൽ അധികമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതികാനുമതി വാങ്ങിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

8) ആകെ 47 ഇനങ്ങൾ ഉണ്ടായിരുന്ന പ്രസ്തുത പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 11 ഇനങ്ങൾ ഒഴിവാക്കുകയും 51 എക്സ്ട്രാ ഇനങ്ങൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.ശരിയായ പഠനം നടത്താതെയാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു.

<u>കരാറുകാരുടെ ടെണ്ടർ വിവരങ്ങൾ ചുവടെ ചേർക്കുന്നു</u>

| കരാറുകാരുടെ പേര് | സിവിൽ പ്രവൃത്തിയുടെ ആകെ ടെണ്ടർ മൂല്യം | ഇലക്ട്രിക്ക് പ്രവൃത്തിയുടെ ടെണ്ടർ മൂല്യം | ആകെ ടെണ്ടർ മൂല്യം |
|---|---:|---:|---:|
| അജി | 6028419.49 | 929200.00 | 6957619.49 |
| അഷറഫ്.എം | 6126582.30 | 814000.00 | 6940582.30 |
| മുരളീധരൻ നായർ.ആർ | 6250919.75 | 350000.00 | 6600919.75 |
| സാസ് | 7640160.35 | 90000.00 | 7730160.35 |
| സുനിൽ കുമാർ.എസ് | 7635732.27 | 90000.00 | 7725732.27 |
| രാജേന്ദ്രൻ പിള്ള.ബി | 7787585.39 | 90000.00 | 7877585.39 |
| മോഹനൻ നായർ.കെ | 6791263.18 | 893054.12 | 7684317.30 |

ഇവിടെ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കിയാൽ ശ്രീ.അജി, ശ്രീ.അഷറഫ് എന്നിവർ ശ്രീ.മുരളീധരൻ നായർ ക്വാട്ട് ചെയ്തിരുന്ന തുകയെക്കാൾ കുറഞ്ഞ തുകയാണ് ക്വാട്ട് ചെയ്തിരുന്നത് എന്ന് വ്യക്തമാകും. ഇലക്ട്രിഫിക്കേഷൻ ഒരു പ്രത്യേക പദ്ധതിയായി ഏറ്റെടുത്തിരുന്നതിനാൽ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി

ടെണ്ടർ ക്ഷണിക്കുകയോ സിവിൽ പ്രവൃത്തിക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അജിക്ക് പ്രവൃത്തി നല്കുകയോ ചെയ്യേണ്ടതായിരുന്നു. ഇലക്ട്രിക്ക് പ്രവൃത്തികൾക്ക് ഇലക്ട്രിക്ക് ലൈസൻസ് നേടിയ കരാറുകാർ മാത്രമെ ടെണ്ടർ ചെയ്യാൻ പാടുള്ളൂ എന്നിരിക്കെ ഇത് പരിഗണിക്കാതെ ശ്രീ.മുരളീധൻ നായർക്ക് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് നൽകിയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.തൻമൂലം ഈ പ്രവൃത്തിക്ക് ചുവടെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം നം | ഡി.എസ്.ആർ ഇനം | അളവ് | ശ്രീ മുരളീധരൻ നായർക്ക് നൽകിയ തുകയുടെ വിവരങ്ങൾ | | ശ്രീ. അജിക്ക് പ്രവൃത്തി നൽകിയിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുകയുടെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | റേറ്റ് | തുക | റേറ്റ് | തുക |
| 1 | Demolishing brick work (15.7.4) | 0.42 $m^3$ | 1200/$m^3$ | 504.00 | 1080.19/$m^3$ | 453.68 |
| 2 | Dismantling doors&windows (15.12.1) | 2 nos | 180/E | 360.00 | 202.33/$m^3$ | 404.66 |
| 3 | Solid block masonary (50.6.2.2) | 24.223/$m^3$ | 6000/$m^3$ | 145338.00 | 5213.43/$m^3$ | 126284.91 |
| 4 | Providing wood work (50.9.1.1) | 0.040/$m^3$ | 1034500/$m^3$ | 41380.00 | 87833.80 | 3513.35 |
| 5 | Providing &fixing panelled shutters (50.9.3.1) | 3.31/$m^2$ | 2700/$m^2$ | 8937.00 | 2295.37/$m^2$ | 7597.67 |
| 6 | Providing &fixing panelling (50.9.4.1) | 1.81/$m^2$ | 2470/$m^2$ | 4470.70 | 2103.44/$m^2$ | 3807.23 |
| 7 | Providing &fixing MS grill (9.48.2) | 870.38 kg | 145 /kg | 126205.10 | 144.14/kg | 125456.57 |
| 8 | Providing &fixing aluminium work (21.1.1.2) | 59.61 kg | 530/kg | 31593.30 | 492.86/kg | 29379.38 |
| 9 | For shutters of doors & windows (21.1.2.2.) | 75.35 kg | 600/kg | 45210.00 | 570.35/kg | 42975.87 |
| 10 | Providing &fixing glazing in aluminium doors (21.3.1) | 29.39 $m^2$ | 1000/$m^2$ | 29390.00 | 1000/$m^2$ | 29390.00 |
| 11 | Providing &fixing stainless steel (10.28) | 239.06 kg | 580/kg | 138654.80 | 605.53/kg | 144758.00 |
| 12 | 12mm cement plaster 1;4 (13.4.1) | 1370.89$m^2$ | 260/$m^2$ | 356431.40 | 231.82/$m^2$ | 317799.72 |
| 13 | 6mm cement plaster 1;3 (13.16.1) | 188.629$m^2$ | 210/$m^2$ | 39612.09 | 184.32/$m^2$ | 34768.32 |
| 14 | Providing &fixing powder coated aluminium work | Not done | | | | |

| | | | | | | |
|---|---|---|---|---|---|---|
| | (21.5) | | | | | |
| 15 | Providing &fixing false ceiling<br>(50.12.5.1) | 332.19 $m^2$ | 550/$m^2$ | 182704.50 | 574.57/$m^2$ | 190866.41 |
| 16 | Providing &laying vertified floor tiles<br>(11.41.2) | 521.25 $m^2$ | 1450/$m^2$ | 755812.50 | 1434.87/$m^2$ | 747925.99 |
| 17 | Providing &laying ceramic glazed floor tiles<br>(11.37) | 15.64 $m^2$ | 1000/$m^2$ | 15640.00 | 882.34/$m^2$ | 13799.79 |
| 18 | Providing &fixing I quality ceramic glazed floor tiles<br>(11.38) | 91.33 $m^2$ | 1100/$m^2$ | 100463.00 | 954.70/$m^2$ | 87192.75 |
| 19 | Thomson multi wood<br>(od) | Not done | | | | |
| 20 | Providing &fixing Thomson multi wood board<br>(od) | Not done | | | | |
| 21 | Providing &fixing Thomson multi wood board<br>(50.9.12.1) | Not done | | | | |
| 22 | Providing &fixing 18mm thick gang saw cut<br>(8.2.2.2) | 1.55 $m^2$ | 4000/$m^2$ | 6200.00 | 3990.69/$m^2$ | 6185.57 |
| 23 | Providing edge moulding to 18 mm thick<br>(8.3.2.) | 3.4 m | 250/m | 850.00 | 314.95 | 1070.83 |
| 24 | Steel work<br>(10.25.2) | Not done | | | | |
| 25 | Steel work in built up tubular<br>(10.16.1) | 506.054kg | 130/kg | 65787.02 | 115.68/kg | 58540.33 |
| 26 | Providing & fixing UV stabilised fibre glass<br>(12.47.1) | Not done | | | | |
| 27 | Providing & fixing precoated galvanised iron profile sheet<br>(12.50) | Not done | | | | |
| 28 | Providing and fixing white vitreous china pedestal water closet<br>(17.3.1) | 7 nos | 6500/E | 45500.00 | 5888.36/E | 41218.52 |
| 29 | Providing and fixing | 4 nos | 3000/E | 12000.00 | 2685.79/E | 10743.16 |

| | | | | | | |
|---|---|---|---|---|---|---|
| | wash basin<br>(17.7.3) | | | | | |
| 30 | Providing and fixing wash basin<br>(17.7.7) | 5 nos | 2300/E | 11500.00 | 1994.51/E | 9972.55 |
| 31 | Providing and fixing pvc waste pipe<br>(17.28.1.1) | 9 nos | 100/E | 900.00 | 96.90/E | 872.10 |
| 32 | Providing and placing polyethylene water storage tank<br>(18.48) | 2000/lr | 10/lr | 20000.00 | 9.3/lr | 18600.00 |
| 33 | Providing &fixing pvc pipes<br>(50.18.7.2.2) | Not done | | | | |
| 34 | Providing &fixing pvc pipes<br>(50.18.7.3.2) | 1.8m | 190/m | 342.00 | 180.61/m | 325.09 |
| 35 | Providing &fixing pvc pipes<br>(50.18.7.4.2) | 18.3 m | 200/m | 3660.00 | 203.04/m | 3715.63 |
| 36 | Providing &fixing pvc pipes<br>(50.18.7.6.2) | Not done | | | | |
| 37 | Providing &fixing pvc pipes<br>(50.18.8.2.2) | 17.75 m | 290/m | 5147.50 | 262.84/m | 4665.41 |
| 38 | Providing &fixing pvc pipes<br>(50.18.9.9.2) | 27.20 m | 380/m | 10336.00 | 343.65/m | 9347.28 |
| 39 | Providing &fixing gun metal gate<br>(18.17.1) | 2 nos | 750/E | 1500.00 | 641.87/E | 1283.74 |
| 40 | Providing and fixing square mouth sw-gully<br>(19.4.1.1) | Not done | | | | |
| 41 | Providing and fixing cp brass long<br>(18.51.1) | 8 nos | 700/e | 5600.00 | 631.36/E | 5050.88 |
| 42 | Providing &laying factory made chamfered edge cement paver blocksin footpath<br>(16.91.1) | Not done | | | | |
| 43 | Applying one coat of water thinnable cement primer<br>(13.43.1) | 1559.52 $m^2$ | 50/$m^2$ | 77976.00 | 47.37/$m^2$ | 73874.46 |

| | | | | | | |
|---|---|---|---|---|---|---|
| 44 | Wall painting with acrylic emulsion paint (13.60.1) | 1559.52m$^2$ | 110/m$^2$ | 171547.20 | 108.25/m$^2$ | 168818.04 |
| 45 | Painting with synthetic enamel paint (13.61.1) | 74.46 m$^2$ | 100/m$^2$ | 7446.00 | 100.5/m$^2$ | 7483.23 |
| 46 | electification(od) | Not done | | | | |
| 47 | Supplying and fixing AC | Not done | | | | |
| | | | | **2468998.11** | | **2328141.12** |

മേൽ ഇനങ്ങൾ നിർവഹിച്ചതിലൂടെ 1,40,856.99/-രൂപായുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടി.പ്രവൃത്തിയ്ക്കായി 51 എക്സ്ട്രാ ഇനങ്ങൾ നിർവഹിക്കുകയും 33,95,740.36/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എക്സ്ട്രാ ഇനങ്ങൾക്ക് 17.19% കുറഞ്ഞ നിരക്ക് കണക്കാക്കിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ ശ്രീ. അജി എന്ന കരാറുകാരൻ ടി പ്രവൃത്തി നിർവഹിച്ചിരുന്നെങ്കിൽ ചുവടെ പറയും പ്രകാരം തുക അനുവദിക്കാമായിരുന്നു. ആയതിനാൽ എക്സ്ട്രാ ഇനങ്ങൾക്ക് ചുവടെ പറയും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. അജിക്ക് നൽകാമായിരുന്ന തുക= 3395740.36 x2328141.12 ÷2468998.11=3202012.48

ശ്രീ. മുരളീധരൻ നായർക്ക് നൽകിയ തുക =3395740.36

അധികച്ചെലവ്=193727.88

ആയതിനാൽ മേൽ പ്രവൃത്തിയുടെ നിർവഹണത്തിൽ ആകെ 334584.87/- (3,34,585/-) രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (എൻക്വയറി നം.48/തീയതി 03.06.2018) നൽകിയപ്പോൾ ഇലക്ട്രിക്ക് പ്രവൃത്തിക്ക് 9,29,200/-രൂപാ LS തുകയായി ഉൾപ്പെടുത്തുകയും ഇലക്ട്രിക്ക് പ്രവൃത്തിക്ക് ആ സമയത്ത് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നിട്ടില്ലാത്തതിനാലുമാണ് ഇലക്ട്രിക്ക് പ്രവൃത്തികൂടെ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ടെണ്ടർ ചെയ്ത ശ്രീ.മുരളീധരൻ നായർക്ക് ടെണ്ടർ അംഗീകരിച്ച് നല്കിയതുമെന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചമൂലം ഗ്രാമപഞ്ചായത്തിന് സംഭവിച്ച 3,34,585/- രൂപയുടെ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്നും മേൽനോട്ട ചുമതലയുള്ള അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 റിവൈസ്ഡ് എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രവൃത്തിയുടെ ഇനത്തിൽ മാറ്റം വരുത്തി.

പദ്ധതിയുടെ പേര് - ഇടവിളാകം സ്കൂൾ ഗേറ്റ് നിർമ്മാണവും അറ്റകുറ്റപ്പണികളും (145/19)

അടങ്കൽ - 7,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 7,00,000/- (ബിൽ നം. 8/22.05.2018)

ഇടവിളാകം എൽ.പി.എസ്. സ്കൂൾ ഗേറ്റ് നിർമ്മാണവും അറ്റകുറ്റപ്പണികളുമായിരുന്ന പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം അപ്പെൻഡിക്സ് എ-26 പ്രകാരം (സ്കൂളിന്റെ പേര് ആലേഖനം ചെയ്യുന്നതിന്) Supplying and providing Metal Block Lettering ആയിരുന്നു. ഇതിനായി 40,652/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ എം.ബുക്ക് പരിശോധനയിലും എ.ഇ., ഓഡിറ്റ് ടീം എന്നിവരുടെ സംയുക്ത സ്ഥല പരിശോധനയിലും മെറ്റൽ ലെറ്ററിന് പകരം മൾട്ടി വുഡ്

ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് വിരുദ്ധമായി പ്രസ്തുത പ്രവൃത്തിയിൽ മാറ്റം വരുത്തുവാനുണ്ടായ കാരണം വിശദമാക്കുവാൻ അസി. എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/29.05.19) നൽകിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിക്ക് മാർക്കറ്റ് നിരക്ക് അനുസരിച്ച് 75,000/-രൂപ വേണ്ടിവരും എന്നതിനാലാണ് വ്യത്യാസം വരുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി റിവൈസ് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽ പ്രവൃത്തിയുടെ മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ പ്രവൃത്തി നടത്തിപ്പുവേളയിൽ പ്രവൃത്തിയിൽ വ്യത്യാസം വരുത്തിയത് അസി. എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പ്രവൃത്തി ഇനങ്ങളിൽ ഇത്തരത്തിൽ മാറ്റം വരുത്താതിരിക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധ പുലർത്തേണ്ടതാണ്.

# 3-9 പ്ലേ സ്റ്റേഷൻ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതിയുടെപേര് - ബാലസൗഹൃദ പഞ്ചായത്ത് സ്കൂളുകളിലും ബഡ്സ് സ്കൂളിലും പ്ലേ സ്റ്റേഷൻ സ്ഥാപിക്കൽ (157/19)

അടങ്കൽ - 9,32,990/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 9,32,960/- (ബിൽ നം. 20/18.07.2018)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

നിർവ്വഹണ ഏജൻസി - ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

കുട്ടികളുടെ മാനസിക ഉല്ലാസത്തിന് സ്കൂളുകളിലും ബഡ്സ് സ്കൂളുകളിലും പ്ലേ സ്റ്റേഷൻ സ്ഥാപിക്കുകയായിരുന്നു പദ്ധതി ലക്ഷ്യം. സ്ലൈഡ്, 2 ഊഞ്ഞാൽ, കൃത്രിമപ്പുല്ല് എന്നിവയടങ്ങുന്നതാണ് ഒരു യൂണിറ്റ്. ആകെ 8 യൂണിറ്റിന് 932960/- രൂപ (നികുതിയുൾപ്പെടെ) ചെലവായിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

a)എ.ഇ., ഓഡിറ്റ് ടീം എന്നിവരുടെ സംയുക്ത സ്ഥലപരിശോധനയിൽ ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിലാണ് ഒരു യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. പരിശോധനയിൽ അവിടെ പ്രസ്തുത യൂണിറ്റിൽ ഊഞ്ഞാലുകൾ നഷ്ടപ്പെട്ടതായി കാണുന്നു.

b)കാഡ്ക്കോയുടെ എസ്റ്റിമേറ്റിൽ സ്ലൈഡ്, ഊഞ്ഞാൽ എന്നിവയുടെ അളവുകൾ (നീളം, വീതി, ഉയരം മുതലായവ) രേഖപ്പെടുത്തിയിട്ടില്ല.

c)പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

d)പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്തായിരിക്കെ പ്ലേ സ്റ്റേഷൻ നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്ന കൃത്രിമപ്പുല്ല് പ്ലാസ്റ്റിക് നിർമ്മിതമാണ്.

e)പി.എച്ച്.സി യിൽ പ്ലേ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും സ്റ്റാൻഡിംഗ് കമ്മിറ്റിയും ശുപാർശ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. പി.എച്ച്.സി യിൽ പ്ലേ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ തീരുമാനം ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ശുദ്ധഗ്രാമം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മംഗലപുരം ഗ്രാമപഞ്ചായത്തിനെ പ്ളാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പദ്ധതിയായിരുന്നു ശുദ്ധഗ്രാമം പദ്ധതി. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടുംബശ്രീ പ്രവർത്തകർ ശേഖരിക്കുന്ന പ്ളാസ്റ്റിക് സാധനങ്ങൾ മാലിന്യം നീക്കം ചെയ്ത് തരം തിരിച്ച് സൂക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയ്ക്കായി 2018-19 വർഷം ചുവടെ പറയുംപ്രകാരം ചെലവു വന്നിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് പ്രോജക്ട് നം. | ചെലവുതുക |
|---|---|---|
| 1 | 144/19 ശുദ്ധഗ്രാമം പദ്ധതി കെട്ടിട നിർമ്മാണം | 9,53,429/- |
| 2 | 148/19 ശുദ്ധഗ്രാമം പദ്ധതി കെട്ടിടം അടിസ്ഥാന സൗകര്യമൊരുക്കലും ചുറ്റുമതിൽ നിർമ്മാണവും | 8,22,937/- |
| | **ആകെ** | **17,76,366/-** |

പ്രസ്തുത പദ്ധതികൾ പ്രകാരം കെട്ടിട നിർമ്മാണവും അടിസ്ഥാന സൗകര്യമൊരുക്കലും പൂർത്തികരിക്കുകയും 11.12.2018 ൽ ഉദ്ഘാടനം നടത്തുകയും ചെയ്തുവെങ്കിലും നാളിതുവരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലാത്തതും കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യപൂർത്തീകരണത്തിനായി ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-11 ക്ഷീരസമൃദ്ധി -നടപടിക്രമങ്ങളുടെ അഭാവം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

2018-19 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 5,00,000/- രൂപ വീതം ത്രിതല പഞ്ചായത്തുകൾ (ഗ്രാമ/ബ്ളോക്ക്/ജില്ല) 15,00,000/- രൂപ അടങ്കൽ വകയിരുത്തി 11,00,000/- രൂപ ചെലവ് ചെയ്ത് ഗ്രാമ പഞ്ചായത്ത് നടപ്പിൽ വരുത്തിയ പദ്ധതിയാണ് "ക്ഷീര സമൃദ്ധി". എന്നാൽ പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 5,00,000/- രൂപയിൽ 1,00,000/- രൂപയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ബാക്കി തുകയായ 4,00,000/- രൂപ ഗുണഭോക്താക്കളായ ക്ഷീര കർഷകർക്ക് ലഭിക്കാതെ പോയി.

സമാനമായ പരാമർശം 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 ൽ ഉൾപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും നടപടി സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് 67 ഗ്രാമപഞ്ചായത്തുകൾക്കായി ആകെ 75,00,000/-രൂപ മാത്രമാണ് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ചതെന്നും പ്രസ്തുത തുകയിൽ നിന്നും 1,00,000/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമായതെന്നുമാണ് ഡയറിഫാം ഇൻസ്ട്രക്ടർ വിശദീകരിച്ചിട്ടുള്ളത്(ഒ.എ.24.05.2019). ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം വകയിരുത്തി നിർവ്വഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് നം.ജി.ഒ.(എം,എസ്)നം.72/17/തസ്വഭവ തീയതി 29.03.2017 (ഖണ്ഡിക.6.5), ജി.ഒ.(പി)07/2017/ ധന തീയതി 23.01.2017എന്നിവയാണ്. ഈ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നുവെങ്കിൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനും ജില്ലാ പഞ്ചായത്ത് വിഹിതം നഷ്ടപ്പെടുന്നത് ഒഴിവാക്കാനാകുമായിരുന്നു. സംയുക്ത പദ്ധതികൾക്ക് ഇത്തരം വീഴ്ച വരാതിരിക്കുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 കേദാരം-സമഗ്രനെൽകൃഷി പദ്ധതി -തൊഴിലുറപ്പ്

# പദ്ധതി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം

കാർഷിക മേഖലയിൽ 2018-19 സാമ്പത്തിക വർഷം 4,61,840/-രൂപ അടങ്കൽ വകയിരുത്തി 3,63,440/-രൂപ ചെലവ് ചെയ്ത് നടപ്പിൽ വരുത്തിയ പദ്ധതിയാണ് കേദാരം - സമഗ്രനെൽകൃഷി. നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്(ജി.ഒ.(എം.എസ്.)22/2018 ത.സ്വ.ഭ.വ 14.02.2018). അത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ 27/28.05.2019 നം. ഓഡിറ്റ് അന്വഷണക്കുറിപ്പിന് നടീൽ കൊയ്ത്ത് പ്രവർത്തനങ്ങൾക്കാണ് തൊഴില്വറപ്പ് സഹായം ലഭ്യമാക്കേണ്ടത് എന്നറിയിച്ചു.പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. കാർഷിക മേഖലയിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ഭരണസമിതിയും നിർവ്വഹണ ഉദ്യഗസ്ഥനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-13 ജൈവസമൃദ്ധി പച്ചക്കറികൃഷി - കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും പാട്ടചീട്ട് ലഭ്യമാക്കുന്നില്ല

ജൈവ സമൃദ്ധി പച്ചക്കറി കൃഷി - കുടുംബശ്രീ യൂണിറ്റുകൾക്ക് എന്നപദ്ധതി (62/18-19) പ്രകാരം 30 കുടുംബശ്രീ യൂണിറ്റുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ എട്ട യൂണിറ്റുകൾ പാട്ടഭൂമിയിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും പാട്ട കരാറിൽ ഏർപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ അനുബന്ധരേഖകളിൽ ഒന്നായ പാട്ടചീട്ട് ചുവടെ ചേർക്കുന്ന കുടുംബശ്രീകളിൽ നിന്നും ലഭ്യമാക്കിയിട്ടിയില്ല.

| ക്രമ നം | കുടുംബശ്രീ | കരം തീര്ത്ത രസീത് പേര് |
|---|---|---|
| 1 | സായ്ഹ്നം | ഷീബ ഫറൂക്ക്,ശ്രീലത |
| 2 | സ്നേഹ വീട് | അസിം |
| 3 | തണൽ | ശ്രീദേവി എൽ.സി |
| 4 | ശ്രീ. ശിവശക്തി | സത്യൻ |
| 5 | മൈത്രി | വിജയകുമാർ |
| 6 | ശ്രീശക്തി | ലീലാമ്മ |
| 7 | ശ്രീഹരി | ഷീല |
| 8 | സഖി | സക്കീർ ഹുസൈൻ |

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.30/2019,28.05.2019 ന് റേഷൻ കാർഡിന്റെ കോപ്പി വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നും മേൽ പറഞ്ഞതിൽ പലരുടേയും ഭർത്താവിന്റെ പേരിലുള്ള വസ്തുവും ഭാര്യ കുടുംബശ്രീ അംഗവുമാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. വ്യക്തിഗത പദ്ധതിയല്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളുടെ പേരിൽ അല്ലാത്ത കൃഷി ഭൂമിയിലാണ് കൃഷി ചെയ്യുന്നുവെങ്കിൽ ഭൂവുടമയിൽ നിന്നും പാട്ടചീട്ട് വാങ്ങി സൂക്ഷിക്കുവാൻ നിർദ്ദേശം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അവലോകനം

| ക്രമ നം | പ്രോ.നം | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 53/18-19 | കേദാരം-സമഗ്ര നെൽകൃഷി വികസനം | 461840 | 363440 |
| 2 | 55/18-19 | സമഗ്ര പുരയിട കൃഷി-കിഴങ്ങ് വർഗ്ഗം | 476320 | 476320 |
| 3 | 56/18-19 | വാഴ കൃഷി പ്രോത്സാഹനം | 112500 | 112500 |
| 4 | 57/18-19 | ഹരിത ഭവന പദ്ധതി | 1364400 | 262480 |
| 5 | 62/18-19 | ജൈവ സമൃദ്ധി പച്ചക്കറി കൃഷി | 373250 | 256250 |
| 6 | 112/18-19 | കിണർ റീചാർജിംഗ് (ജനറൽ) | 1600000 | 100800 |
| 7 | 113/18-19 | കിണർ റീചാർജിംഗ് (എസ്.സി.പി) | 400000 | 0 |
| 8 | 114/18-19 | ജൈവസമൃദ്ധി-തരിശ്ശ് ഭൂമി കൃഷി | 30000 | 30000 |
| | | ആകെ | **4818310** | **1601790** |

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്(2017-2022) പ്രകാരം കൃഷിയോഗ്യമായ 13.1 ഹെക്ടർ കൃഷി ഭൂമിയും 19260 കർഷകരും 3000 കർഷകതൊഴിലാളികളും 7574 സ്വന്തമായി ഭൂമിയുള്ള കർഷകരും 200 പാട്ടകൃഷി ചെയ്യുന്ന കർഷകരും നിലവിലുള്ള സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം അടങ്കൽ തുകയുടെ 33% എന്നാണ് ഗ്രാമപഞ്ചായത്തിന്റെ ചെലവ് രേഖ സൂചിപ്പിക്കുന്നത്. ഏതൊരു സമ്പത്ത് വ്യവസ്ഥയുടേയും അടിസ്ഥാന മേഖലയായ കാർഷിക മേഖലയിൽ 100% പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. കാർഷിക മേഖലയിലെ ചെലവ് ശതമാന കുറവ് മേഖലയ്ക്ക് കൃത്യമായ അവലോകനം തയ്യാറാക്കാൻ നിർവ്വഹണ ഉദ്യാഗസ്ഥനും വർക്കിംഗ് ഗ്രൂപ്പിനും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-15 അംഗീകാരം നേടിയതിൽ നിന്നും വ്യത്യസ്തമായി പദ്ധതി നടപ്പിലാക്കി

പദ്ധതിയുടെ പേര് -ഹരിത കേരളം -ശുദ്ധ ഗ്രാമം പദ്ധതി

പദ്ധതി നം -111/2018-19

അടങ്കൽ -1,50,000/-ധനകാര്യ കമ്മിഷൻ അവാർഡ്.

ചെലവ് -57,570/-

നിർവഹണം - വി.ഇ.ഒ(സർക്കിൾ 1

ബിൽ നം -02/18-19 തീ. 06/11/18 തുക-17,850/-

-13/18-19 തീ. 16/02/19 തുക-12,100/-

-14/18-19 തീ. 18/03/19 തുക-17,800/-

-17/18-19 തീ. 18/03/19 തുക-9,820/-

വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിക്കുന്നവർക്ക് വേതനം നൽകുന്നതിന് വേണ്ടിയാണ് മേൽ പദ്ധതിക്ക് അംഗീകാരം നേടിയിരിക്കുന്നത്. ജനറൽ കമ്മിറ്റി തീരുമാനം 2(1) തീയതി 06/02/2019

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. എന്നാൽ അംഗങ്ങൾക്ക് തുണി വാങ്ങൽ, തയ്യൽ, രജിസ്റ്ററുകൾ, ഗ്ലൗസ്, മെഡിസിൻ എന്നിവ വാങ്ങൽ, ശുദ്ധ ഗ്രാമം പദ്ധതി ഉദ്ഘാടനത്തിനുള്ള നോട്ടീസ് പ്രിന്റിംഗ് എന്നിവയ്ക്കായാണ് ചെലവുകൾ നടത്തിയിരിക്കുന്നത്. ശുദ്ധ ഗ്രാമം പദ്ധതിക്കായി കെട്ടിട നിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടും പ്ലാസ്റ്റിക് ശേഖരണം യാഥാർത്ഥ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. കൂടാതെ അംഗീകാരം നേടിയതിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/30/06/19)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല- 52,20,000/-രൂപ തടസ്സപ്പെടുത്തുന്നു.

വി.ഇ.ഒ (സർക്കിൾ 1) നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ-എസ്.സി.പി. ലൈഫ്-ഭവന നിർമ്മാണം-എസ്.സി.പി.എന്നീ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി വിവരങ്ങൾ | ചെലവ് വിവരങ്ങൾ<br>(ബിൽ ബുക്ക് പ്രകാരം) |
|---|---|
| 1.വീട് വാസയോഗ്യമാക്കൽ-എസ്.സി.പി.<br>(പദ്ധതി നം107/19<br>അടങ്കൽ -60,00,000/-വികസന ഫണ്ട് എസ്.സി.പി. ചെലവ് -33,00,000/- | -01/18-19 തീ. 06/11/18 തുക-5,25,000/-<br>-04/18-19 തീ. 20/12/18 തുക-8,25,000/-<br>-06/18-19 തീ. 20/12/18 തുക-3,00,000/-<br>-07/18-19 തീ. 20/12/18 തുക-6,75,000/-<br>-12/18-19 തീ. 16/02/19 തുക-7,50,000/-<br>-15/18-19 തീ. 28/03/19 തുക-2,25,000/- |
| 2.ലൈഫ്-ഭവന നിർമ്മാണം-എസ്.സി.പി<br>(പദ്ധതി നം109/19<br>അടങ്കൽ -40,00,000/--വികസന ഫണ്ട് എസ്.സി.പി,<br>ചെലവ് – 19,20,000/- | -03/18-19 തീ. 06/11/18 തുക-3,20,000/-<br>-05/18-19 തീ. 20/12/18 തുക-6,40,000/-<br>-08/18-19 തീ. 17/01/19 തുക-1,60,000/-<br>-09/18-19 തീ. 17/01/19 തുക-1,60,000/-<br>-10/18-19 തീ. 16/02/19 തുക-3,20,000/-<br>-11/18-19 തീ. 16/02/19 തുക-1,60,000/-<br>-16/18-19 തീ. 28/03/19 തുക-1,60,000/- |

മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ, യോഗ്യതകൾ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ, ഫോട്ടോ പതിച്ച അക്വിറ്റൻസ് രജിസ്റ്റർ (ലൈഫ് പദ്ധതിയുടെ) എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. പ്രകാരം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവ് ചെയ്ത 52,20,000/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

# 3-17 ലൈഫ് മിഷൻ പദ്ധതി - ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ ചെലവാക്കാതെ സൂക്ഷിക്കുന്നു

ലൈഫ് ഭവന പദ്ധതി ജനറൽ (പദ്ധതി നം.60/18-19) ലൈഫ് ഭവന പദ്ധതി എസ്.സി.പി (പദ്ധതി നം.109/18-19)എന്നിവയ്ക്കായി ലഭിച്ച ജില്ലാ ബ്ലോക്ക് വിഹിതം തുകകൾ നാളിതുവരെയും ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ലഭിച്ച തുക | | നിർവഹണം |
|---|---|---|---|
| | ജില്ല (റ്റി.എസ്.ബി) | ബ്ലോക്ക് (എസ്.ബി.ഐ മംഗലപുരം) | |
| ലൈഫ് ഭവന പദ്ധതി ജനറൽ | 1,54,568/- | 6,28,830/- | വി.ഇ.ഒ സർക്കിൾ II |
| ലൈഫ് ഭവന പദ്ധതി എസ്.സി.പി | 2,98,028/- | 3,60,950/- | വി.ഇ.ഒ സർക്കിൾ I |

മേൽ പദ്ധതിക്കായി ലഭിച്ച ജില്ലാ വിഹിതം തുകകൾ റ്റി.എസ്.ബി. അക്കൗണ്ടിലും ബ്ലോക്ക് വിഹിതം എസ്.ബി.ഐ. മംഗലപുരം ബ്രാഞ്ചിലെ അക്കൗണ്ടിലുമാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുകകൾ സംയുക്ത അക്കൗണ്ട് തുടങ്ങി സൂക്ഷിച്ചിട്ടില്ല. ചെലവഴിക്കാത്ത തുകകൾക്ക് ഭരണസമിതി ശ്രദ്ധ നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 പകൽവീട് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മംഗലപുരം ഗ്രാമപഞ്ചായത്തിൽ പകൽവീട് നിർമ്മാണത്തിനായി 2018-19 ൽ വിവിധ പദ്ധതികൾ പ്രകാരം 24,53,482/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | പ്രോജക്ടിന്റെ പേര് | സാമ്പത്തിക വർഷം | ചെലവ് തുക |
|---|---|---|---|
| 01 | S.O.പകൽവീട് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം(153/19) | 2018-19 | 9,03,758/- |
| 02 | പകൽവീട് പൂർത്തീകരണം(94/19) | 2018-19 | 7,99,254/- |
| 03 | പകൽവീടിന് അടിസ്ഥാന സൗകര്യം ഒരുക്കലും ഫർണിച്ചർ വാങ്ങലും (176/19) | 2018-19 | 7,50,470/- |
| | ആകെ ചെലവു തുക | | 24,53,482/- |

പകൽ വീട് നിർമ്മാണത്തിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനുമായി നാളിതുവരെ (മുൻവർഷങ്ങളിലെ ചെലവ് ഉൾപ്പെടെ) 37,43,973/- രൂപ ചെലവഴിച്ചിട്ടുണ്ട്. 15.12.2018 ലെ കമ്മിറ്റി തീരുമാനം നം 3(1) പ്രകാരം പകൽവീട് 2019 ജനുവരിയിൽ ഉദ്ഘാടനം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഓഡിറ്റ് എൻക്വയറി നം 43/29.05.2019 ന് നൽകിയ മറുപടി പ്രകാരം 29.12.2018 ന് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായും എന്നാൽ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-19 ഭിന്നശേഷിക്കാരുടെ കലാകായിക മത്സരം - ക്വട്ടേഷൻ

# ക്ഷണിക്കാതെ പർച്ചേസ് നടത്തി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് (നം.119/19) ഭിന്നശേഷിക്കാരായ മത്സരാർത്ഥികൾക്ക് ട്രോഫികൾ, പ്രോത്സാഹന സമ്മാനം എന്നിവയ്ക്ക് വേണ്ടി 17,770/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഐഡിയൽ ട്രോഫി & ഗിഫ്റ്റ്സ് എന്ന സ്ഥാപനത്തിന് പ്രസ്തുത തുക 27.10.2019 ൽ കൈമാറിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് വ്യവസ്ഥ പ്രകാരം 15,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഈ വ്യവസ്ഥ ഇവിടെ പാലിച്ചതായി കാണുന്നില്ല. ടി അപാകത ഓഡിറ്റ് എൻക്വയറിയിലൂടെ നിർവഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-20 സ്പോർട്സ് ടീം രൂപീകരിക്കലും കോച്ചിംഗ് ക്യാംപും - പദ്ധതി അപൂർണം

പ്രോജകറ്റ് നം- 09/19

പ്രോജക്റ്റിന്റെ പേര് - പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കലും കോച്ചിംഗ് ക്യാംപും

അടങ്കൽ തുക - 91,861/-

(വികസനഫണ്ട്- ജനറൽ)

ചെലവ് തുക – 91,861/-

(ബിൽ നം. 7/26.11.2018, Rs.57,732/- &

8/14.12.2018 Rs.34,129/-)

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രസ്തുത പദ്ധതി പരിശീലകരുടെ സെലക്ഷൻ നടത്തുന്നതിനും ക്യാംപ് നടത്തിപ്പിനുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പരിശീലകരുടെ സെലക്ഷനോ ക്യാമ്പോ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.39/29.05.2019) നൽകിയ മറുപടിയിൽ പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കുന്നതിനായി സ്പോർട്സ് കൺവീനറായി പഞ്ചായത്തംഗമായ മംഗലപുരം ഷാഫിയെ ചുമതലപ്പെടുത്തിയിരുന്നെന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന പരിശീലകർക്ക് മുൻഗണന നൽകിക്കൊണ്ട് കായികപരിശീലകരേയും റഫറിമാരേയും നിശ്ചയിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി കൺവീനർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ശ്രദ്ധേയനായ ശ്രീ.രാധാകൃഷ്ണനെ പരിശീലകനായി സെലക്ട് ചെയ്തുവെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് ടീമിന് ക്യാംപ് നടത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഏകദിന പരിശീലനം മാത്രമേ നടത്തുവാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ആയതിനാൽ പരിശീലകരെ തെരഞ്ഞെടുത്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പരിശോധനയിൽ റഫറിമാരായി LNCPE-യിലെ കോച്ചുമാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് കാണുന്നു. ഇതിൽ നിന്നും പദ്ധതി വിഭാവനം ചെയ്ത രീതിയിലല്ല നടപ്പിലാക്കിയത് എന്നും പഞ്ചായത്ത് ഭരണസമിതി നിർദ്ദേശിച്ച പ്രകാരം തദ്ദേശീയരായ സെലക്ടർമാരെയും പരിശീലകരെയും തെരഞ്ഞെടുത്തിട്ടില്ലായെന്നും വ്യക്തമാണ്. ഇപ്രകാരം ഭരണസമിതി നിർദ്ദേശിച്ച പ്രകാരം പരിശീലകരെ തെരഞ്ഞെടുക്കാതെയും കോച്ചിംഗ് ക്യാംപ് സംഘടിപ്പിക്കാതിരിക്കുകയും ചെയ്തതിലൂടെ പദ്ധതി യഥാർത്ഥ ലക്ഷ്യം പൂർത്തീകരിച്ചില്ലായെന്ന് വ്യകതമാണ്. ഇതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പദ്ധതികൾ ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കണമെന്നും അഭിപ്രായപ്പെടുന്നു.

# 3-21 ആശ്രയ പ്രവർത്തനങ്ങൾ- പദ്ധതിയിൽ വ്യതിയാനം

പ്രോജകറ്റ് നം- 42/19

പ്രോജക്ടിന്റെ പേര് - ആശ്രയ പ്രവർത്തനങ്ങൾ

അടങ്കൽ തുക -15,000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് തുക – 12,400/- (ബിൽ നം - 14 തീയതി. 21.03.2019)

പ്രസ്തുത പദ്ധതി പ്രകാരം ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കുട, ബാഗ്, നോട്ട് ബുക്ക്, പേന എന്നിവ വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ രേഖകൾ പ്രകാരം മെഡിക്കൽ ക്യാംപ് നടത്തിയതായി കാണിച്ച് ഹാൾ വാടക, ബാനർ, ആഹാരം, ചായ എന്നിവയ്ക്കായി തുക ചെലവഴിച്ചിരിക്കുന്നു. പദ്ധതിയിൽ വ്യത്യാസം വരുവാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം. 39/29.05.2019) പദ്ധതി നിർവ്വഹണ വേളയിൽ ആശ്രയ പദ്ധതി നിർത്തലാക്കുകയും അഗതിരഹിത കേരളം പദ്ധതി തയ്യാറാക്കുകയും ചെയ്തതിനാലാണ് പദ്ധതി ഭേദഗതി ചെയ്തതെന്ന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം പദ്ധതി അടങ്കൽ തുക 50,000/- രൂപയിൽ നിന്ന് 15,000/- രൂപയായി കുറച്ചുവെന്നതല്ലാതെ ലക്ഷ്യങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർവ്വഹണോദ്യോഗസ്ഥനും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-22 പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകങ്ങൾ

a)പാലിയേറ്റീവ് - സർക്കാർ നിർദ്ദേശം പാലിക്കണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.(സ.ഉ.(സാധാ).3217/15/ തസ്വഭവ.29.10.15) പ്രസ്തുത മാർഗ്ഗനിർദ്ദേശം ഖണ്ഡിക.2.3.2പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടുമാസത്തിലോരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. കൂടാതെ വരും മാസത്തേയ്ക്കുള്ള പ്രവർത്തന രൂപ രേഖ തയ്യാറാക്കി അംഗീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളിൽ പ്രവർത്തനാവലോകന റിപ്പോർട്ട് മാത്രമാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ പാലിയേറ്റീവ് കെയർ സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ നിർവഹണ ഉദ്യോഗസ്ഥയും പി.എം.സിയും ശ്രദ്ധിക്കേണ്ടതാണ്.

b)പാലിയേറ്റീവ് കാഷ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.

| തീയതി | പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| 31.03.2018 | 71,737/- | 61,728/- |
| 31.03.2019 | 65,026/- | 55,104/- |

കാഷ് ബുക്ക്, പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തുകയോ നിർവ്വഹണാധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നില്ല. വകുപ്പ്തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

# 3-23 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക ധനകാര്യപത്രിക ഹാജരാക്കാത്തതിനാൽ ഓഡിറ്റ് നിർവഹിച്ചില്ല.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 4(2), 13 വകുപ്പുകൾ, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ) ചട്ടങ്ങൾ പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ അതത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കണമെന്ന് നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി, സിദ്ധ എന്നിവയ്ക്ക് എച്ച്.എം.സി.കൾ രൂപീകരിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത എച്ച്.എം.സി.കൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

# 3-24 പാലിയേറ്റീവ് കെയർ - കുടുംബ സംഗമം - ചെലവഴിക്കാത്ത തുക സർക്കാർ ഫണ്ടിൽ ഒടുക്കണം

പ്രോജക്ട് നം - 25/18-19

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ

അടങ്കൽ തുക - 7,00,000/-( വി.ഫ)

3,00,000/-(ബ്ലോക്ക് വിഹിതം)

ചെക്ക്നം.തീ - 000150102/29.12.18(185217,ബ്ലോക്ക്)

നിർവഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി കുടുംബ സംഗമം നടത്താൻ 12.10.18ലെ മെഡിക്കൽ ഓഫീസറുടെ നടപടിക്രമത്തിന്റെ (order no.MPHC/321/2018/PHC mangalapuram) അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും 25,000/-രൂപ എസ്.ബി.ഐ മംഗലപുരം ബ്രാഞ്ചിലെ പാലിയേറ്റീവ് കെയർ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ചു (അക്കൗണ്ട് നം.36613189165) എന്നാൽ നാളിതുവരെ പ്രസ്തുത കുടുംബ സംഗമം സംഘടിപ്പിച്ചിട്ടില്ല. ഭാവിയിൽ ചെലവുണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ട് പിൻവലിച്ച് സൂക്ഷിക്കുന്നത് സർക്കാർ ഉത്തരവിലൂടെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. (177/2006/fin/ dtd.22.06.2006). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/27.05.19ന് രോഗികൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദമായ ഒരു വേദിയുടെ അഭാവത്തിൽ കുടുംബസംഗമം യഥാസമയം നടത്താൻ സാധിച്ചില്ലെന്നും പ്രോജക്ടിന് വേണ്ടി സൂക്ഷിച്ചിട്ടുള്ള വികസന ഫണ്ട് സർക്കാരിലേയ്ക്ക് ഒടുക്കാമെന്നും അറിയിച്ചു. ചെലവഴിക്കാത്ത ബ്ലോക്ക് വിഹിതം സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-25 പ്രോജക്ട് തയ്യാറാക്കൽ - സർക്കാർ നിർദ്ദേശം പാലിക്കണം

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്നതിന് വേണ്ട നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.സാ.ധാ(കൈ).11/2018/തസ്വഭവ 29.01.18 ഖണ്ഡിക.3.5).

പ്രസ്തുത നിർദ്ദേശപ്രകാരം പ്രോജക്ടുകളുടെ ഡേറ്റാ എൻട്രി നടത്തുമ്പോൾ പ്രോജക്ട് ഫാറങ്ങളിലെ എല്ലാ കോളങ്ങളും പൂർണ്ണമായി പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നിർവഹണ ഉദ്യോഗസ്ഥനാണ്. എന്നാൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലെ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ (SO 25/19, 26/19,28/19,30/19)പ്രോജക്ട് ഫോർമാറ്റിലെ പ്രധാന കോളങ്ങൾ പൂരിപ്പിക്കാൻ ശ്രദ്ധിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ടിന്റെ ലക്ഷ്യം, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, ഭൗതിക ലക്ഷ്യം, മോണിറ്ററിംഗ്, ധനവിനിയോഗ വിവരം എന്നിവ വ്യക്തമല്ല. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ചചെയ്ത് ഉറപ്പുവരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ചുമതലയിൽ നിർവ്വഹണ ഉദ്യോഗസ്ഥയും വർക്കിംഗ് ഗ്രൂപ്പും മേൽനോട്ടച്ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

# 3-26 സംയുക്ത പ്രോജക്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O(ms).No.11/2018/lsgd dtd.29.01.18 para.3.5.4, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

**a)ബ്ലോക്ക് വിഹിതം നേരിട്ട് ചെലവഴിച്ചത് ക്രമവിരുദ്ധം**

മെഡിക്കൽ ഓഫീസർ പി.എച്ച്.സി, നിർവഹണം നടത്തിയ സാന്ത്വനം മാനസികാരോഗ്യ പുനരധിവാസം, പാലിയേറ്റീവ് കെയർ എന്നീ പ്രോജക്ടുകൾക്ക് ബ്ലോക്ക് വിഹിതം യഥാക്രമം 1,00,000/- രൂപയും, 3,00,000/-രൂപയുമാണ് . പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് വഴി നൽകാതെ നേരിട്ട് ചെലവഴിച്ചു. ഇത് മേൽ ഉത്തരവുകൾക്ക് വിരുദ്ധമാണ് .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/19, 20/19 എന്നിവയ്ക്ക് ബ്ലോക്ക് വിഹിതം നേരിട്ട് നിർവഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയെന്ന് അറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. ഈ വിഷയത്തിൽ ഭരണതല നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**b)സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടില്ല/ ബാക്കി തുക തിരിച്ചടച്ചില്ല.**

സർക്കാർ നിർദ്ദേശാനുസരണം (G.O(P).07/2017/fin dtd.23.01.2017 ) സംയുക്ത പ്രോജക്ടുകൾ നിർവഹണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം, ട്രഷറിയിൽ ഒരു സംയുക്ത അക്കൗണ്ട് ആരംഭിക്കണമെന്നും ചെക്ക് വഴി ചെലവ് നിർവഹിക്കേണ്ടതും മാർച്ച് 31 ന് ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാർ ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ഈ ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | 2017-18 B4 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ് | | പ്രോജക്ടിനു വേണ്ടി വകയിരുത്തിയ തുക | | ലഭിച്ച തുക | | ചെലവ് | | ബാലൻസ് | |
|---|---|---|---|---|---|---|---|---|---|---|
| | ബ്ലോക്ക് | ജില്ല | ബ്ലോക്ക് | ജില്ലാ | ബ്ലോക്ക് | ജില്ലാ | ബ്ലോക്ക് | ജില്ലാ | ബ്ലോക്ക് | ജില്ലാ |
| കേദാരം സമഗ്ര | - | - | 85000 | 85000 | 85000 | 63750 | 85000 | 42500 | 0 | 21250 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നെൽക്കൃഷി | | | | | | | | | | |
| ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി | - | 125 | 7500 | 7500 | 7500 | 7500 | 7500 | 7500 | 0 | 125 |
| കിണർ റീച്ചാർജ്ജിംഗ് | - | - | 288000 | 432000 | 288000 | 30240 | 20160 | 30240 | 267840 | 0 |
| കിണർ റീച്ചാർജ്ജിംഗ് (എസ്.സ്.പി) | - | - | 80000 | 120000 | 80000 | 0 | 0 | 0 | 80000 | 0 |
| മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | - | - | 356250 | 356250 | 356250 | 356250 | 356250 | 356245 | 0 | 05 |
| ലൈഫ് (എസ്.സി.പി) | - | - | 360950 | 298028 | 360950 | 298028 | 0 | 0 | 360950 | 298028 |
| ലൈഫ് (ജനറൽ) | - | - | 628830 | 154568 | 628830 | 154568 | 0 | 0 | 628830 | 154568 |
| പകൽ വീട് കെട്ടിട നിർമ്മാണം | 730322 | 0 | 963500 | 0 | 963500 | 0 | 903768 | 0 | 59742 | 0 |
| പകൽ വീട് അടിസ്ഥാന സൗകര്യ വികസനം | - | - | 1000000 | | 1000000 | 0 | 750470 | 0 | 249530 | 0 |

സംയുക്ത പ്രോജക്റ്റുകളുടെ വിഭവ സമാഹരണം ഉറപ്പ് വരുത്തുന്നതിലും ലഭ്യമായ തുക നിയമാനുസൃതം അക്കൗണ്ട് ചെയ്ത് ചെലവഴിക്കുന്നതിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 3-27 മോണിറ്ററിംഗ് അനിവാര്യം

2018-19 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനട്സ്, ഫയൽ പരിശോധന) ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -4

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 0 | 85000 | കേദാരം സമഗ്ര നെൽക്കൃഷി | 85000 | 0 |
| | | 0 | 7500 | ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി | 7500 | 0 |
| | | 0 | 288000 | കിണർ റീച്ചാർജ്ജിംഗ് | 20160 | 267840 |
| | | 0 | 80000 | കിണർ റീച്ചാർജ്ജിംഗ് (എസ്.സ്.പി) | 0 | 80000 |
| | | 0 | 500000 | ക്ഷീരസമൃദ്ധി | 500000 | 0 |
| | | 0 | 356250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 356250 | 0 |
| | | 0 | 360950 | ലൈഫ് (ജനറൽ) | 0 | 360950 |
| | | 0 | 628830 | ലൈഫ് (എസ്.സി.പി) | 0 | 628830 |
| | | 0 | 1000000 | പകൽ വീട് അടിസ്ഥാന സൗകര്യ വികസനം | 750470 | 249530 |
| | | 963500 | 0 | പകൽ വീട് കെട്ടിട നിർമ്മാണം | 903758 | 59742 |
| | | 963500 | 3306530 | | 2623138 | 1646892 |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 63750 | കേദാരം സമഗ്രനെൽക്കൃഷി | 42500 | 21250 |
| | | 0 | 7500 | ജൈവസമൃദ്ധി തരിശ് ഭൂമികൃഷി | 7500 | 0 |
| | | 0 | 100000 | ക്ഷീരസമൃദ്ധി | 100000 | 0 |
| | | 0 | 119000 | ഹരിത ഭവന പദ്ധതി | 119000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 356250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | *356245 | 5 |
| | | 0 | 30240 | കിണർ റീച്ചാർജ്ജിംഗ് (ജനറൽ) | 30240 | 0 |
| | | 0 | 154568 | ലൈഫ് (ജനറൽ) | 0 | 154568 |
| | | 0 | 298028 | ലൈഫ് (എസ്.സി.പി) | 0 | 298028 |
| | ആകെ | | 1129336 | | 655495 | 473851 |

* എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്.

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | മംഗലപുരം ഗ്രാമപഞ്ചായത്ത് 8,9 വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ | 276710 | 0 | 276710 |
| അനർട്ട് | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ | 700920 | 0 | 700920 |
| കെഎസ്ഇബി | മംഗലപുരം ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ ലൈൻ ദീർഘിപ്പിക്കൽ | 118000 | 0 | 118000 |
| കെഎസ്ഇബി | ആലപ്പുറംകുന്ന് കോളനിയിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 44852 | 0 | 44852 |
| കെ.ഡബ്ല്യൂ.എ | കൈലാത്ത് കോണം വാട്ടർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | 500000 |
| കെ.ഡബ്ല്യൂ.എ | വെയിലൂർ വാർഡിൽ വാട്ടർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | 0 | 400000 |
| കെ.ഡബ്ല്യൂ.എ | അക്കരവിള വാട്ടർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 0 | 200000 |
| കെ.ഡബ്ല്യൂ.എ | മുല്ലശ്ശേരി വാട്ടർ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 650000 | 0 | 650000 |

കെ.എസ്.ഇ.ബി.യ്ക്ക് മുൻവർഷം നൽകിയ 36,12,503/-രൂപയുടെയും കെ.ഡബ്ല്യൂ.എ.യ്ക്ക് നൽകിയ 8,57,391/-രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. (2017-18 B-18 ഷെഡ്യൂൾ പ്രകാരം).

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | 275/IC/LSGD 27.01.2010 | 1750000 | 2812289 | 492500 | 0 | 2319789 |
| എം.എൻ ലക്ഷം വീട് | വിവരം ലഭ്യമാക്കിയില്ല | വിവരം ലഭ്യമാക്കിയില്ല | 675000 | 0 | 0 | 675000 |
| ലൈഫ് | ജി.ഒ.(എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി. തീയതി 18.05.18 | 620000 | 0 | 0 | 0 | 620000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2003-04 | 3-6 | 40/- | എസ്.വിജയൻ, മുൻ സെക്രട്ടറി | 118020101874/ 30.05.2018 |
| 2 | 2016-17 | 3-6 | 50,000/- | ഷമീം.ഐ, സെക്രട്ടറി | 118150105950/ 23.03.2019 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,85,86,267.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,53,57,221.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,34,585.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 52,20,000.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3(ഇ) | 3,000/- | - | ശ്രീമതി.ഷമീം.ഐ, സെക്രട്ടറി |
| 3-7 | - | 3,34,585/- | ശ്രീ.കെ. വിജയൻ. അസി.എഞ്ചിനീയർ,<br>ശ്രീമതി. ഗംഗ. ആർ.എസ്. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 3,000/- | 3,34,585/- | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 52,20,000/- | ശ്രീ.അരുൺ മോഹൻ, വി.ഇ.ഒ. |
| ആകെ | 52,20,000/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
|---|---|---|---|
| 1 | ശ്രീമതി.ഷമീം. ഐ. | സെക്രട്ടറി, മംഗലപുരം ഗ്രാമപഞ്ചായത്ത് | നീതു, TC 1/1997/1, സംഗമ നഗർ 71<br>കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ. |
| 2 | ശ്രീ. കെ. വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മംഗലപുരം ഗ്രാമപഞ്ചായത്ത് | പ്രജീഷ് നിവാസ്, ഇടയ്ക്കോട്, നേമം പി.ഒ.<br>695020 |
| 3 | ശ്രീ. അരുൺ മോഹൻ, | വി.ഇ.ഒ. മംഗലപുരം ഗ്രാമപഞ്ചായത്ത് | റ്റി.സി.48/848, മണക്കാട്. പി.ഒ.<br>കൊഞ്ചിറവിള-695009 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(1)/08 | 3 |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1469(2)/08 | 2 |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/537/04 തീയതി 04.07.2014 | 3 |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1953/05/04.07.14 | 2 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1792/07/04.07.14 | 3 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1793/07/04.07.14 | 3 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/1755/06/04.07.14 | 1 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1454/10/04.07.14 | 5 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1273/10/04.07.14 | 11 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/127/12/04.07.14 | 10 |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. dt.04.06.2018 | 6 |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. dt.04.06.2018 | 13 |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. dt.04.06.2018 | 7 |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. dt.04.06.2018 | 7 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1209/2018. dt.04.06.2018 | 6 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/2033/2016. dt.18.07.2018 | ഇല്ല |
| 2016-17 | നം.കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1662/2017 .dt.19.09.2017 | 3 |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1906/2018. | 25 |

**ഡെപ്യൂട്ടി ഡയറക്ടർ,**
ഒപ്പ്
**കേരള സംസ്ഥാന ഓഡിറ്റ്**

**<u>അനുബന്ധം - 1</u>**

**<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>**

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **മംഗലപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ **മംഗലപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**

ഒപ്പ്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

R.19.9.19